LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതുമാണ്. തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1-ൽപ്പെട്ട 246.62 ഏക്കർ റിസർവ് വനഭൂമി ബി.റ്റി.ആർ.-ൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29-6-2021-ൽ എസ്.2039/2020 നമ്പരായും 13-7-2021-ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൃ.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ഉത്തരം (ബി) യിൽ പരാമർശിക്കുന്ന ഭൂമിയിൽ കയ്യേറ്റമുണ്ടാകാതിരിക്കാൻ ടി ഭൂമിയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ച് സംരക്ഷണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1-ൽപ്പെട്ട 246.62 ഏക്കർ റിസർവ് വനഭൂമി ബി.റ്റി.ആർ.-ൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29-6-2021- ൽ എസ്.2039/2020 നമ്പരായും 13-7-2021-ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൃ.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

ശബരിമല റോപ് വേ പദ്ധതി

29(*59) ഡോ. സുജിത് വിജയൻ പിള്ള:
ശ്രീ. എം. എം. മണി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന്റെ ഭാഗമായ റോപ് വേ പദ്ധതിയുടെ നടത്തിപ്പിന് വനം വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി വകുപ്പുമന്ത്രി നടത്തിയ ചർച്ചയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പിന്റെ ക്ലിയറൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി പദ്ധതി ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ചർച്ചയിൽ തീരുമാനമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച പരിസ്ഥിതി പഠന റിപ്പോർട്ട് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് 28-6-2021-ന് വനം-ദേവസ്വം വകുപ്പുകളുടെ സംയുക്ത യോഗം വകുപ്പ് മന്ത്രിമാർ വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും തിരുവിതാകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ നടത്തി ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ തലത്തിൽ ഒരേ നിലപാട് കൈക്കൊള്ളുന്നതിനുള്ള അഭിപ്രായ സമന്വയം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് 9-7-2021-ന് ചേർന്ന സെക്രട്ടറിതല യോഗത്തിൽ റോപ്പ് വേ സംബന്ധിച്ച അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വിഷയം നിർമ്മാണ കമ്പനിയോട് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് 28-6-2021-ന് വനം-ദേവസ്വം വകുപ്പുകളുടെ സംയുക്ത യോഗം വകുപ്പ് മന്ത്രിമാർ വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും തിരുവിതാകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ നടത്തി ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ തലത്തിൽ ഒരേ നിലപാട് കൈക്കൊള്ളുന്നതിനുള്ള അഭിപ്രായസമന്വയം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് 9-7-2021-ന് ചേർന്ന സെക്രട്ടറിതല യോഗത്തിൽ റോപ്പ് വേ സംബന്ധിച്ച അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വിഷയം നിർമ്മാണ കമ്പനിയോട് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

(സി) റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള നിർമ്മാണക്കമ്പനി 2021 ഫെബ്രുവരി 8-ന് വനം വകുപ്പിന് പരിസ്ഥിതി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വനം വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) എയിറ്റീൻത് സ്റ്റെപ് ദാമോദർവാലി കാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് റവന്യു ഷെയർ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്. കരാർ പ്രകാരം റോപ് വേ നിർമ്മാണത്തിനും 15 വർഷത്തെ നടത്തിപ്പിനുമാണ് വ്യവസ്ഥയുള്ളത്.